**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ല – താനൂർ ഉപജില്ല കേരള സ്കൂൾ കലോത്സവം 2016 – ഉപജില്ലാ പരിധിയിൽ വരുന്ന മുനിസിപ്പാലിറ്റിയിൽ നിന്നും ഗ്രാമപഞ്ചായത്തുകളിൽ നിന്നും സംഭാവന - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.3290/2016/തസ്വഭവ                തിരുവനന്തപുരം, തീയതി, 02/12/2016

പരാമർശം:- 1. താനൂർ ഉപജില്ല സ്കൂൾ കലോത്സവ ജനറൽ കൺവീനറുടെ കത്ത്.
2. സ.ഉ.(എം.എസ്)58/06/തസ്വഭവ തീയതി 16/02/2006.

**ഉത്തരവ്**

2016 നവംബർ 26,28,29,30 എന്നീ തീയതികളിൽ താനൂർ ദേവധാർ ഗവ. ഹയർ സെക്കന്ററി സ്കൂളിൽ വച്ച് നടന്ന താനൂർ ഉപജില്ല കേരള സ്കൂൾ കലോത്സവത്തിന് താനൂർ മുനിസിപ്പാലിറ്റി, താനാളൂർ, നിറമരുതൂർ, ഒഴൂർ, ചെറിയമുണ്ടം, പൊന്മുണ്ടം, നന്നമ്പ്ര, വളവന്നൂർ, പെരുമണ്ണ ക്ലാരി എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നും സംഭാവന നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (1) ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. 2016 നവംബർ 26,28,29,30 തീയതികളിൽ നടന്ന താനൂർ ഉപജില്ലാ കേരള സ്കൂൾ കലോത്സവത്തിന് താനൂർ മുനിസിപ്പാലിറ്റിയിൽ നിന്നും, താനാളൂർ, നിറമരുതൂർ, ഒഴൂർ, ചെറിയമുണ്ടം, പൊന്മുണ്ടം, നന്നമ്പ്ര, വളവന്നൂർ, പെരുമണ്ണ ക്ലാരി എന്നീ പഞ്ചായത്തുകളിൽ നിന്നും പരമാവധി 25,000/- (ഇരുപത്തി അയ്യായിരം രൂപ) രൂപ അവരവരുടെ കമ്മിറ്റി തീരുമാനത്തിനും പരാമർശം (2) ലെ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

സംഭാവന നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കലോത്സവത്തിന്റെ സ്വാഗത സംഘം ജനറൽ കൺവീനർ ആഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കുകളുടെ അടിസ്ഥാനത്തിൽ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എസ്.ഡി. സുനിൽകുമാർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം (പകർപ്പ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാക്കുന്നതിന്)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (പകർപ്പ് ബന്ധപ്പെട്ട മുനിസിപ്പാലിറ്റിക്ക് ലഭ്യമാക്കുന്നതിന്)

ജനറൽ കൺവീനർ, താനൂർ ഉപജില്ല സ്കൂൾ കലോത്സവം (പ്രിൻസിപ്പാൾ,
ദേവധാർ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, താനൂർ)

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, മലപ്പുറം

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ